

# മാള
# സെന്റ് സ്റ്റനിസ്ലാവോസ് ഫൊറോന ഇടവക

ക്രിസ്തുശിഷ്യൻ മാർ തോമാശ്ലീഹാ വന്നിറങ്ങിയ കൊടുങ്ങല്ലൂരിൽ നിന്ന് വാണിജ്യാർത്ഥം കുടിയേറി പാർത്തവരാണ് മാളയിലെ ആദിമ ക്രിസ്ത്യാനികൾ എന്ന് കരുതപ്പെടുന്നു.

കൊടുങ്ങല്ലൂരിന് കിഴക്കോട്ട് കുടിയേറി പാർത്തതിനുശേഷം ആ പ്രദേശത്തെ ക്രിസ്ത്യാനികൾ അമ്പഴക്കാട് വി. തോമാശ്ലീഹായുടെ നാമത്തിൽ ഒരു ദേവാലയം സ്ഥാപിച്ചു. അന്നത്തെ മാളയിലെ ക്രിസ്ത്യാനികൾ അമ്പഴക്കാട് ഇടവകാംഗങ്ങൾ ആയിരുന്നു. മാളയിലെ ക്രൈസ്തവ ദേവാലയത്തിന്റെ ആരംഭം ഒരു കുരിശുപള്ളിയായിരുന്നു. ഈ കുരിശുപള്ളിയിൽ വി. സ്റ്റനിസ്ലാവോസ് കോസ്കയുടെ രൂപമാണ് പ്രതിഷ്ഠിച്ചിരുന്നത്. ഈ കുരിശുപള്ളി എന്നു സ്ഥാപിച്ചു എന്നതിനെപ്പറ്റി കൃത്യമായ തെളിവുകളില്ല. ആദ്യത്തെ പള്ളി പണിയിച്ച കാലം നിശ്ചയമില്ലെന്നും രണ്ടാമത്തെ പള്ളി പണിതത് കൊല്ലവർഷം 1015-ൽ ആണെന്നും മാള പള്ളിവക ഒരു പഴയ നാൾവഴിയിൽ രേഖപ്പെടുത്തി കാണുന്നു. ഇതു ക്രിസ്തുവർഷം 1840 ആയി യോജിക്കുന്നുണ്ട്. ആദ്യമുണ്ടായിരുന്ന പള്ളി ഏതോ കുബുദ്ധികളുടെ പ്രേരണയാൽ ഒരു അക്രൈസ്തവൻ അഗ്നിക്കിരയാക്കിയെന്നും പിന്നീട് അയാൾ കുഷ്ഠരോഗബാധിതനായതിനെതുടർന്ന് പശ്ചാത്താപത്തോടെ വിശുദ്ധന്റെ സങ്കേതത്തിൽ വന്ന് പ്രാർത്ഥിച്ചതിനുശേഷമാണ് മരിച്ചതെന്നും ഐതിഹ്യമുണ്ട്.

## ഇടവകയുടെ പദവിയിലേക്ക്

മാളയിലെ ഒരു പ്രസിദ്ധ കുടുംബത്തിലെ കാരണവർ കൊല്ലവർഷം 1014- ൽ എഴുതിയ വിവര വരിയോലയിൽ തന്റെ മരണാനന്തരം മാള പള്ളിയിൽ ഒരു റാസ ചൊല്ലിക്കുവാൻ മുൻകൂട്ടി നിർദ്ദേശിച്ചിരുന്നതായി കാണുന്നു. എന്നാൽ, 1865-ൽ വരാപ്പുഴയിൽ നിന്ന് മേൽപറഞ്ഞ കാരണവരുടെ അനന്തിരവന് ലഭിച്ച രശീതിയിൽ അദ്ദേഹത്തെ അമ്പഴക്കാട് ഇടവകക്കാരനായിട്ടാണ് സംബോധന ചെയ്തിട്ടുള്ളത്. തൻമൂലം 1865-ന് ശേഷമാണ് ഇടവക രൂപംകൊണ്ടതെന്ന് കണക്കാക്കാം.

1866-ൽ മാളയിലെ പ്രമുഖരും അമ്പഴക്കാട്

യോഗ പ്രമാണികളുമായി പള്ളിയോഗത്തിൽ വെച്ച് അഭിപ്രായഭിന്നത രൂക്ഷമായതിനെ തുടർന്ന് മാളക്കാർ യോഗം വിട്ടിറങ്ങി പോന്നെന്നും അടുത്ത ആഴ്ച മുതൽ മാള കുരിശുപള്ളിയിൽ കുർബാന ചൊല്ലുന്നതിനുവേണ്ട കല്പന സമ്പാദിച്ചെന്നുമാണ് പഴമക്കാർ പറയുന്നത്. ഇടവക തിരിഞ്ഞത് 1866-ൽ തന്നെയാണെന്നതിന് അമ്പഴക്കാട് പള്ളിയിലോ മാള പള്ളിയിലോ രേഖകൾ കാണുന്നില്ല. മാള പള്ളിയിലെ രജിസ്റ്ററുകളിൽ 1873 മുതലുള്ള കണക്കുകൾ കാണുന്നുണ്ട്. 1873 മുതൽ ഇടവകയെ നയിച്ച വികാരിമാരുടെ പേരുകൾ നമുക്ക് ലഭിച്ചിട്ടുണ്ട്.

## ദേവാലയ പുനർനിർമ്മാണം

നിലവിലുണ്ടായിരുന്ന ദേവാലയം അപര്യാപ്തമായതിനാൽ പുതിയ ഒരു ദേവാലയത്തെക്കുറിച്ച് മാളക്കാർ ചിന്തിക്കാൻതുടങ്ങി. 1912-ൽ വികാരിയായിരുന്ന ബഹു. പാനികുളം ക്രൂസച്ചന്റെ കാലത്ത് ദേവാലയനിർമ്മാണം ആരംഭിച്ചു. 1925-ൽ ബഹു. കയ്യാലകം ഔസേപ്പച്ചന്റെ കാലത്ത് പള്ളിയകം കൂടുതൽ പരിഷ്ക്കരിച്ചു. സാമ്പത്തിക ക്ലേശംമൂലം വിപുലമായ ദേവാലയനിർമ്മാണം ഏറെ നീണ്ടുപോയി.

1949 ഒക്ടോബർ 2-ന് മാർ ജോർജ്ജ് ആലപ്പാട്ട് പുതിയ ദേവാലയത്തിന്റെ ശിലാസ്ഥാപനം നടത്തി. ബഹു. ഫ്രാൻസീസ് തലക്കോട്ടൂർ അച്ചന്റെ നേതൃത്വത്തിൽ പണികൾ അരംഭിച്ചു. 1952 ജനുവരിയിലെ ദർശനതിരുനാളിന് മാർ ജോർജ്ജ് ആലപ്പാട്ട് പുതിയ ദേവാലയത്തിൽ ആദ്യമായി പൊന്തിഫിക്കൽ കുർബാന അർപ്പിച്ചു. 1953 ഡിസംബർ 6-ന് പൗരസ്ത്യ തിരുസംഘത്തിന്റെ സെക്രട്ടറിയും അത്യുന്നത കർദ്ദിനാളുമായ മാർ യൂജിൻ ടിസറന്റ് ഈ ദേവാലയം സാഘോഷം കൂദാശ ചെയ്ത് വിശ്വാസികൾക്ക് തുറന്നുകൊടുത്തു. സെന്റ് സ്റ്റനിസ്ലാവോസ് മദ്ധ്യസ്ഥനായുള്ള ഇന്ത്യയിലെ ഏക ദേവാലയം മാള ഇടവകപ്പള്ളിയാണ്.

## വളർച്ചയുടെ പാതയിൽ

തൃശ്ശൂർ അതിരൂപതയുടെ ആർച്ച് ബിഷപ്പായിരുന്ന മാർ ജോസഫ് കുണ്ടുകുളം 1956-1958 കാലഘട്ടത്തിൽ മാള ഇടവകയുടെ വികാരിയായിരുന്നകാര്യം അഭിമാനകരമാണ്. ബഹു. ജേക്കബ് ചെമ്മണ്ണൂരച്ചന്റെ കാലത്ത് പോർട്ടിക്കോയും സിൽവർ ജൂബിലി സ്മാരകമായി കൊടിമരവും സ്ഥാപിച്ചു. റവ. ഫാ. ജോസഫ് കവലക്കാട്ട് (മോൺസിഞ്ഞോർ) സിമിത്തേരി പുതുക്കിപണിയിച്ചു. പള്ളിയകം മൊസൈക്ക് ഇട്ടത് റവ. ഫാ. ജോൺ വാഴപ്പിള്ളിയുടെ കാലത്തായിരുന്നു. റവ. ഡോ. ആന്റണി മഞ്ഞളിയുടെ കാലഘട്ടത്തിൽ കപ്പേള പൊളിച്ചു പണിയുകയും ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുകയും സെന്റ് ആന്റണീസ് കോളേജ് സ്ഥാപിക്കുകയും ചെയ്തു. വടമയിൽ ബൃഹത്തായ കപ്പേള പണിതതും ഈ കാലഘട്ടത്തിലാണ്.

പിന്നീട് പള്ളിമുറ്റം ടൈൽസ് വിരിച്ച് മനോഹരമാക്കിയതും മാതാവിന്റെ ഗ്രോട്ടോ പണിതതും (19.03.2005), സിമിത്തേരി നവീകരിച്ചതും ഇംഗ്ലീഷ് മീഡിയം സ്ക്കൂൾ തുടങ്ങിയതും (12.06.2006), ബൃഹത്തായ ഇടവക കാര്യാലയം നിർമ്മിച്ചതും പള്ളിയകം സീലിംഗ് നടത്തിയതും സെന്റ് സ്റ്റനിസ്ലാവോസ് ടവർ നിർമ്മിച്ചതും (30.12.2007) റവ. ഫാ. ജോസ് പന്തല്ലൂ



കപ്പേള (ഗവ. ആശുപത്രിക്ക് സമീപം)



സെന്റ് ആന്റണീസ് കപ്പേള (പള്ളിയുടെ മുൻവശം)



തിരുക്കുടുംബ കപ്പേള, കോട്ടമുറി



സെന്റ് സെബാസ്റ്റ്യൻ കപ്പേള വടമ

ക്കാരന്റെ കാലത്താണ്. ബഹു. ഡേവീസ് അമ്പൂക്കന ച്ചന്റെ നേതൃത്വത്തിൽ മദുബഹ നവീകരിച്ചു.

## ഫൊറോനയുടെ പദവിയിൽ

1979 ജനുവരി 25-ാം തിയ്യതി മാള ഇടവക ഫൊറോന പദവിയിലേക്ക് ഉയർത്തപ്പെട്ടു. വെരി. ബഹു. തോമസ് പാറേക്കാടൻ അച്ചനായിരുന്നു ആദ്യത്തെ ഫൊറോനാവികാരി. ഇടവകയുടെ കീഴിൽ 2 കുരിശുപള്ളികളും 6 കപ്പേളകളും ഉണ്ട്. 1337 കുടുംബങ്ങളാണ് ഇപ്പോൾ മാള ഇടവകയിലുള്ളത്. 10 ഇടവക പള്ളികളും ഇതര സ്ഥാപനങ്ങളുമാണ് ഈ ഫൊറോനയുടെ കീഴിൽ ഉള്ളത്.

## ദയാനഗർ കുരിശുപള്ളി

പ്ലാവിൻമുറി ദയാനഗർ ഭാഗത്ത് കപ്പേളയ്ക്ക് സമീപം 1980-കളിൽ ദാനമായി ലഭിച്ചതും കൂടാതെ, വിലയ്ക്ക് വാങ്ങിയതും കൂടി ഉണ്ടായിരുന്ന സ്ഥലത്ത് ആ പ്രദേശത്തുള്ളവരുടെയും പ്രത്യേകിച്ച് അന്നത്തെ വികാരിയായിരുന്ന പെ. ബഹു. വിൻസെന്റ് ചാലിശ്ശേ രിയച്ചന്റെയും അത്യുത്സാഹത്താൽ 2003 ഡിസംബർ 8-ന് ഒരു കുരിശുപള്ളിയും ഓഫീസും മനോഹരമായി പണിതുയർത്തി. ഇൻഫന്റ് മേരി എന്ന പരി. മാതാ വിന്റെ നാമധേയത്തിലുള്ള ഈ ദേവാലയം അഭി വന്ദ്യപിതാവ് കൂദാശ ചെയ്ത് കുരിശുപള്ളിയായി ഉയർത്തി. ഞായറാഴ്ചകളിലും മറ്റും ഇവിടെ കുർബാ നയർപ്പിക്കപ്പെടുന്നു.



ഇൻഫന്റ് മേരി പള്ളി, ദയാനഗർ

## വടമ കുരിശുപള്ളി

വടമയിൽ കിഴക്കോട്ടുമാറി ആലപ്പാട്ടു കുടും ബത്തിൽ നിന്ന് ദാനമായും അതോടൊപ്പം വിലകൊ ടുത്തും കിട്ടിയ ഭൂമിയിൽ ഈ പ്രദേശത്തുള്ള മാള ഇടവകയിലും, അമ്പഴക്കാട് ഇടവകയിലും ഉൾപ്പെടുന്ന കത്തോലിക്കരുടെ സൗകര്യാർത്ഥം മാള പള്ളിയുടെ നേതൃത്വത്തിൽ താത്ക്കാലിക സംവിധാനങ്ങളോടെ സമാരംഭിച്ചതാണ് പരി. ജനനിയുടെ പേരിലുള്ള ഔവർ ലേഡി ഓഫ് റോസറി പ്രാർത്ഥനാലയം. ഹാളായി പണിതി രിക്കുന്ന ഈ ആലയത്തിന് സമീപം പുതിയ ദേവാ ലയം ക്രമേണ പണിയുന്നു. അന്നത്തെ വികാരി പെ. ബഹു. ജോസ് പന്തല്ലൂക്കാരനച്ചന്റെ നേതൃത്വം ഇക്കാ ര്യത്തിൽ ശ്രദ്ധേയമായിരുന്നു.



മേരി റോസറി പള്ളി, വടമ

## സെന്റ് ആന്റണീസ് ഹയർ സെക്കന്ററി സ്കൂൾ

പള്ളിയിൽ നിന്ന് നിർമ്മിച്ച് നാമമാത്രമായ വാട കയ്ക്ക് സർക്കാരിന് കൊടുത്തിരുന്ന സ്ഥലത്തായി രുന്നു ഈ പ്രദേശത്തെ ആദ്യത്തെ പ്രാഥമിക വിദ്യാ ലയമായ ഗവണ്മെന്റ് എൽ.പി. സ്കൂൾ പ്രവർത്തി ച്ചുകൊണ്ടിരുന്നത്. 1917-ൽ പള്ളിയിൽനിന്നും നിർമ്മിച്ച മിഡിൽ സ്കൂൾ കെട്ടിടത്തിന്റെ ശിലാസ്ഥാപനം നിർവ്വഹിച്ചത് അന്നത്തെ കൊച്ചി ദിവാൻ ആയിരുന്ന സർ ജോസഫ് ബോർ ആയിരുന്നു. വലിയൊരു തുക പള്ളിയിൽ നിന്നും ചെലവഴിച്ച് കെട്ടിടങ്ങളും ഉപക രണങ്ങളും ഉണ്ടാക്കി സർക്കാരിനെ ഏല്പിച്ചിട്ടാണ് ഒരു മിഡിൽ സ്കൂൾ മാളയിൽ ആരംഭിക്കുവാൻ ഗവ ണ്മെന്റ് തയ്യാറായത്. 1918 മുതൽ 1927 വരെ ഈ കെട്ടി ടത്തിൽ വാടകകൂടാതെ ഗവണ്മെന്റ് മിഡിൽ സ്കൂൾ നടത്തി. സ്കൂൾ നടത്തിപ്പിലുണ്ടായ നഷ്ടം കാരണ ത്താൽ 1927-ൽ കൊച്ചി ഗവണ്മെന്റ് മിഡിൽ സ്കൂൾ



സെന്റ് ആന്റണിസ് ഹയർ സെക്കന്ററി സ്കൂൾ



സെന്റ് ആന്റണീസ് ഹൈസ്ക്കൂൾ

നിർത്തലാക്കുവാൻ തീരുമാനിച്ചു. എന്നാൽ, ഇടവക സമൂഹം ഒരു കമ്മിറ്റി ഉണ്ടാക്കി സ്ക്കൂൾ മാനേജ്മെന്റ് പള്ളി ഏറ്റെടുത്തു.

ഗവണ്മെന്റിൽ നിന്ന് യാതൊരു സഹായവും ലഭിക്കാതെതന്നെ ഏറെക്കാലം പള്ളിവക ചെലവിൽ സ്ക്കൂൾ നടത്തിപ്പോന്നു. ഭീമമായ സംഖ്യ ചെലവഴിച്ച് സ്ക്കൂളിന് സൗകര്യപ്രദമായ തോതിൽ വലിയ കെട്ടിടം പണി കഴിപ്പിച്ചു. 1938-ൽ കൊച്ചി ദിവാനായിരുന്ന സർ ആർ.കെ. ഷൺമുഖം ചെട്ടിയാർ പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു.

1938-ൽ വികാരിയായിരുന്ന റവ. ഫാ. ആന്റണി പുല്ലോക്കാരന്റെ പരിശ്രമത്താലാണ് ഈ വിദ്യാലയം സെന്റ് ആന്റണീസ് ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടത്. സമീപപ്രദേശത്തെ ആദ്യത്തെ ഹൈസ്ക്കൂൾ എന്ന ബഹുമതിയും അങ്ങനെ സെന്റ് ആന്റണീസ് ഹൈസ്ക്കൂളിന് സ്വന്തമായിത്തീർന്നു. പ്രഥമ ഹെഡ്മാസ്റ്റർ ശ്രീ. വി.ഐ. കുര്യാക്കോസും, ഇപ്പോഴത്തെ ഹെഡ്മാസ്റ്റർ ശ്രീ. ഏ.ജെ. സാനിയുമാണ്.

കേരളത്തിലെ വിദ്യാഭ്യാസ രംഗത്തുണ്ടായ മാറ്റത്തിന്റെ ഫലമായി 1997-ൽ വികാരിയായിരുന്ന റവ. ഡോ. ആന്റണി മഞ്ഞളിയുടെ കാലത്ത് പ്ലസ് വൺ കോഴ്സ് തുടങ്ങുവാൻ അനുവാദം ലഭിച്ചു. 1998- പുതിയ കെട്ടിടത്തിന്റെ നിർമ്മാണം തുടങ്ങി. റവ. ഫാ. പോൾസി. അമ്പൂക്കന്റെ കാലത്ത് ബൃഹത്തായ ഹയർ സെക്കന്ററി സ്ക്കൂൾ കെട്ടിടത്തിന്റെ ആശീർവാദവും ഉദ്ഘാടനവും വിദ്യാഭ്യാസ മന്ത്രി പി.ജെ. ജോസഫിന്റെ സാന്നിധ്യത്തിൽ മാർ ജെയിംസ് പഴയാറ്റിൽ നിർവ്വഹിച്ചു.

പ്രഥമ പ്രിൻസിപ്പാൾ ശ്രീ. എം.സി. ആന്റണിയും ഇപ്പോഴത്തെ പ്രിൻസിപ്പാൾ ശ്രീമതി കെ.ഡി. റെക്റ്റിയുമാണ്. 1400-ഓളം കുട്ടികൾക്ക് അറിവും മുല്യബോധവും പകരുന്ന ഉന്നതവിദ്യാലയമെന്ന ഖ്യാതിയോടെ മുന്നേറുന്നു.

## സെന്റ് ആന്റണീസ് കോളേജ്

പള്ളി നേരിട്ട് 1996-ൽ വനിതകളുടെ ഉന്നത വിദ്യാഭ്യാസവും മൂല്യബോധവും ലക്ഷ്യമാക്കി ആരംഭിച്ച സെന്റ് ആന്റണീസ് കോളേജ് പ്രീ-ഡിഗ്രി, ഡിഗ്രി കോഴ്സുകൾക്ക് പുറമെ 2007-ൽ ബിരുദാനന്തര ബിരുദ കോഴ്സുകൾ കൂടി ആരംഭിച്ചു.




സെന്റ് ആന്റണീസ് കോളേജ്

## സൊക്കോർസോ & കാർമ്മൽ

മാള ഇടവകയുടെ കിഴക്കുഭാഗത്ത് പള്ളിയിൽ നിന്ന് 1 കി.മീ. അകലെ ഏതദ്ദേശീയ കർമ്മലീത്ത സന്യാസിനീസമൂഹത്തിന്റെ (സി.എം.സി.) ഒരു കോൺവെന്റ് (1949-ൽ) സ്ഥാപിതമായി. നിത്യസഹായമാതാവിന്റെ നാമധേയത്തിൽ സ്ഥാപിതമായ ഈ കോൺവെന്റിന്റെ പ്രാരംഭത്തിനും വളർച്ചയ്ക്കുമായി കോട്ടയ്ക്കൽ കൊവേന്തയും, മാള പള്ളിയും, ഇടവകജനങ്ങളും വേണ്ടത്ര സഹായസഹകരണങ്ങൾ നല്കുകയുണ്ടായി. കോൺവെന്റിന്റെ പേരിൽ 1949-ൽ തന്നെ ആരംഭിച്ച എൽ.പി. സ്ക്കൂൾ 1976-ൽ യു.പി. ഉൾപ്പെടെയുള്ള ഹൈസ്ക്കൂളായി ഉയർത്തപ്പെട്ടു. 2000- ൽ ഹയർ സെക്കന്ററിയായി വളർച്ചപ്രാപിച്ചു. രണ്ടായിരത്തിൽപരം കുട്ടികൾക്ക് പരിശീലനം നല്കുന്ന മികവുറ്റ വിദ്യാലയമാണിത്. അതോടൊപ്പം 1972 മുതൽ ഒരു നഴ്സറി സ്ക്കൂൾ നടത്തിവരുന്നു.

1977-ൽ ആരംഭിച്ച മെഴ്സി ഹോം എന്ന ബാലികാഭവനത്തിൽ 100 വിദ്യാർത്ഥിനികൾക്ക് താമസസൗ



സൊക്കോർസോ സി.എം.സി. കോൺവെന്റ്



സൊക്കോർസോ ഹയർസെക്കന്ററി സ്ക്കൂൾ



സൊക്കോർസോ എൽ.പി. സ്ക്കൂൾ



മേഴ്സി ഹോം ഓർഫനേജ്



കാർമ്മൽ സി.എം.സി. കോൺവെന്റ്



കാർമ്മൽ കോളേജ്

കര്യം, ഭക്ഷണം തുടങ്ങിയ എല്ലാ കാര്യങ്ങളും സൗജന്യമായി നല്കുന്നു. കൂടാതെ, ഇടവകയിലെ വിവിധ ശുശ്രൂഷകളിൽ ബഹു. സിസ്റ്റേഴ്സ് സഹകരിക്കുന്നു.

1981-ൽ സി.എം.സി. ഉദയാപ്രോവിൻസ് ഗ്രാമീണ വനിതകളുടെ ഉന്നത വിദ്യാഭ്യാസത്തിനായി ആരംഭിച്ച കാർമ്മൽ കോളേജ് ആയിരത്തോളം പേർക്ക് കലാലയ വിദ്യാഭ്യാസവും മൂല്യബോധവും പകരുന്നതിനാൽ, ദേശീയ തലത്തിൽ ഉയർന്ന നിലവാരവും ശ്രേയസും നേടി വിരാജിക്കുന്നു. കോളേജിൽ വിദ്യാർത്ഥികൾക്കു വേണ്ടി സുസജ്ജമായ ഹോസ്റ്റലും ലൈബ്രറിയും പ്രവർത്തിക്കുന്നു.

## കരുണാഭവൻ

ദരിദ്രരും നിരാലംബരുമായ വൃദ്ധജനങ്ങൾക്കു വേണ്ടി 1989-ൽ അഗതികളുടെ സിസ്റ്റേഴ്സ് (S.D.) തുടങ്ങിയ ജീവകാരുണ്യ സ്ഥാപനമാണ് കരുണാഭവൻ. മുപ്പതോളം സ്ത്രീപുരുഷന്മാരെ താമസിപ്പിച്ച് സൗജന്യമായ ഭക്ഷണവും, പരിചരണവും, ചികിത്സയും സ്ഥിരമായി നല്കുന്നതോടൊപ്പം ബഹു. സിസ്റ്റേഴ്സ് ഇടവകയിലെ വിവിധ ശുശ്രൂഷകളിൽ കണ്ടറിഞ്ഞ് സഹായിക്കുന്നു.



എസ്.ഡി. കോൺവെന്റ് & കരുണാഭവൻ

## ജീസ്സസ് ട്രെയിനിംഗ് കോളേജ്

1995-ൽ ഇരിങ്ങാലക്കുട രൂപതയുടെ ആഭിമുഖ്യത്തിൽ മാളയിൽ ആരംഭിച്ചതാണ് ജീസ്സസ് ട്രെയിനിംഗ് ബി.എഡ്. കോളേജ്. 1995-ൽ സൊക്കോർസൊ സ്ക്കൂളിന്റെ കെട്ടിടത്തിൽ തുടക്കം കുറിച്ചെങ്കിലും നെയ്തക്കുടിയിലെ സ്വന്തം കെട്ടിടം സജ്ജമായപ്പോൾ 1996 മുതൽ അവിടെ കിടയറ്റ സൗകര്യങ്ങളോടും മികവോടും കൂടി പുരോഗതിയുടെ പടവുകൾ താണ്ടുകയാണ്.

## ഇതര സ്ഥാപനങ്ങൾ

യഹൂദന്മാരുടെ പുരാതന സിനഗോഗ്, ശ്മശാനം എന്നിവയും മുസ്ലീം സഹോദരങ്ങളുടെ പള്ളികളും മദ്രസകളും ഖബർസ്ഥാനുകളും പുരാതനങ്ങളായ അനേകം ഹൈന്ദവ ക്ഷേത്രങ്ങളും ഇതര പ്രാർത്ഥനാലയങ്ങളും മാള ടൗണിനും പരിസരപ്രദേശങ്ങൾക്കും തനിമ ചാർത്തുന്നു. സർക്കാർ സ്ഥാപനങ്ങളായ

പഞ്ചായത്ത് ഓഫീസ്, കൃഷിഭവൻ, വില്ലേജ് ഓഫീസ്, രജിസ്ട്രാർ ഓഫീസ്, പഞ്ചായത്ത് ലൈബ്രറി, എ.ഈ.ഒ. ഓഫീസ്, പോലീസ് സർക്കിൾ സ്റ്റേഷൻ എന്നിവയ്ക്കു പുറമെ ഗവ. മോഡൽ എൽ. പി. സ്ക്കൂൾ, സി.എം.എസ്. എൽ.പി. സ്ക്കൂൾ, വിവിധ പാരലൽ കോളേജുകൾ എന്നീ വിദ്യാഭ്യാസ സ്ഥാപന ങ്ങളും, ഇതര പൊതു സ്ഥാപനങ്ങളും ഇടവകയുടെ പരിധിയിൽ ക്ഷേമകരമായ വിവിധ പ്രവർത്തനങ്ങളു മായി മുന്നേറുന്നു.

ആദ്യ കാലങ്ങളിൽ പല ഘട്ടങ്ങളിലും അമ്പഴ ക്കാട് കോട്ടയ്ക്കൽ ആശ്രമ ദേവാലയത്തിൽ നിന്നും അച്ചന്മാർ പള്ളിയിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്.



സൊക്കോർസോ കോൺവെന്റിന്റെ നവീന ദേവാലയം



ഗ്രോട്ടോ



സെന്റ് തോമസ് കപ്പേള
ദയാനഗർ



സെന്റ് സെബാസ്റ്റ്യൻ കപ്പേള,
കൊടവത്തുകുന്ന്



സെന്റ് സെബാസ്റ്റ്യൻ കപ്പേള,
കാവനാട്



സി.ബി.എസ്.ഇ. പള്ളി സ്ക്കൂൾ




യഹൂദ ശ്മശാനം